## സിംഗുരിൽ ഇൻഡോനേഷ്യൻ കമ്പനിയെ ആനയിച്ചവരുടെ

# 'ആസിയാൻ' വിരോധത്തിൽ പതിരെത്ര

ജയൻ

വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയ ആഗോളവത്ക്കരണത്തിന്റെ ഏറ്റവും മൂർത്തരൂപമായ ആസിയാൻകരാർ വേളയിലും അഴിമതികേസിൽ പ്രതിയാക്കപ്പെട്ട പാർട്ടിസഖാവിനെ സംരക്ഷിക്കാൻ സ്വാതന്ത്ര്യദിനം കൊണ്ടാടിയ പാർട്ടിയെക്കുറിച്ച് എന്തു പറയാൻ. പറയുന്നതിനോട് ഒരു ശതമാനം പോലും കൂറു പുലർത്താത്ത വല്ലാത്തൊരു പാർട്ടിയായി ഇടതുപക്ഷത്തിന്റെ അമരക്കാരെന്ന് കരുതിപോന്നിരുന്ന സി പി എം മാറുമ്പോൾ വല്ലാത്തൊരു ശൂന്യതയിലേക്ക് കേരളം വന്നുപതിക്കുകയാണ്. ആസിയാൻ കരാറിൽ കോൺഗ്രസ് ഒപ്പിടുമ്പോൾ അതിലൊരു പങ്ക് വർഷങ്ങളോളമായി ഇടതും വലതുമല്ലാതെ മാറിയ സോഷ്യൽഡമോക്രേറ്റുകളുടെ കൂടാരമായ സി പി എമ്മനുമുണ്ടെന്ന കാര്യം അവർ സമ്മതിച്ചുതന്നില്ലെങ്കിലും നാമോർക്കണം. സാമ്രാജ്യത്വ ചൂഷണത്തിന്റെ എരിതീ വന്നുപതിക്കുമ്പോൾ പ്രതിരോധത്തിന്റെ പടച്ചട്ടയായി ജനങ്ങളെ അണിനിരത്തോണ്ടവർ ഒരു കൈകൊണ്ട് പ്രതിരോധിച്ച് മറുകൈകൊണ്ട് കത്തുന്ന പുരയിലെ കഴുക്കോൽ ഊരുന്ന പണിയാണ് സത്യത്തിൽ ചെയ്യുന്നത്. അത് തുറന്നുസമ്മതിച്ചാൽ ജനങ്ങൾക്കു മുമ്പിൽ നഗ്നരായി മാറുന്ന അവസ്ഥയുണ്ടാകുമെന്നറിഞ്ഞാണ് ആഗോളവൽക്കരണത്തിന്റെ (നല്ല വശങ്ങളെ മാത്രം പ്രയോജനപ്പെടുത്തുന്നു എന്ന് ചിലപ്പോൾ അവർ തിരുത്തിയേക്കും) വക്താക്കളായി മാറിയിട്ടും അതിനെ എതിർക്കുന്നുവെന്ന് സി പി എം ഇപ്പോഴും മേനി നടിക്കുന്നത്. ലാവ്‌ലിൻ എന്ന രാവണൻകോട്ടയിൽ അകപ്പെട്ട് അനുദിനം പൊതുജനമധ്യത്തിൽ വിലയില്ലാതായി മാറുമ്പോൾ അതിൽ നിന്ന് ഒരു വിടുതൽ നേടാനുള്ള സമയം കൊല്ലി, അതുമാത്രമാണ് ആസിയാൻ ചർച്ചയെ സി പി എമ്മും അതിന്റെ സംരക്ഷകരും കാണുന്നത്. സത്യത്തിൽ മോഷ്ടാവ് തന്നെ മുമ്പേ ഓടി അതാ കള്ളൻ അതാ കള്ളൻ എന്നു പറയുമ്പോലെയാണ് ആസിയാൻകരാറിനെതിരായ പാർട്ടിപത്രവും പാർട്ടിസെക്രട്ടറിയും ഹാലിളകുന്നതിലൂടെ കാണാൻ കഴിയുന്നത്. ആസിയാൻ കാര്യത്തിൽ കോൺഗ്രസിനെ നിർത്തിപ്പൊരിക്കുന്നതു കണ്ടാൽ ആരും അമ്പരന്നുപോകും അത്രമാത്രം ആത്മാർത്ഥതയുള്ള ആഗോളവത്ക്കരണ വിരുദ്ധമാർന്ന പാർട്ടിയാണോ ഇതെന്ന്.

ഇന്തോനേഷ്യ, തായ്‌ലന്റ്, മലേഷ്യ, സിങ്കപ്പൂർ, ഫിലിപ്പീൻസ് അടക്കമുള്ള നിരവധി ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള ഉത്പാപദനങ്ങൾ നികുതിയിളവിലൂടെ യഥേഷ്ടം കേരളത്തിലേക്ക് ഒഴുകുമ്പോൾ കേരളത്തിലെ പരമ്പരാഗത മത്സ്യതൊഴിലാളികളും നാണ്യവിളകളും മറ്റും ഉത്പ്പാദിപ്പിക്കുന്ന കൃഷിക്കാരും ദുരിതത്തിലാകും. അതുവഴി കേരളത്തിന്റെ സമ്പത്‌വ്യവസ്ഥയിൽ വലിയ പിന്നോട്ടടി ഉണ്ടാകുമെന്ന അത്യധികം ഗുരുതരമായ പ്രതിസന്ധിയാണ് ആസിയാൻ കരാർ ഒപ്പുവച്ചതിലൂടെ വന്നുപെടാൻപോകുന്നത്. ഇത് കേട്ടാൽ മലയാളികൾ പലരും ചിരിക്കും. ഇതേ അവസ്ഥ കേരളത്തിൽ അനുഭവപ്പെട്ടുതുടങ്ങിയിട്ട് കാലമെത്രയായി. ഓരോ വർഷം കൂടുന്തോറും പല സാധനങ്ങളുടെയും ഇറക്കുമതി തീരുവ കുറച്ചുകൊണ്ടു വരുന്നത് ഇന്ത്യൻ സർക്കാറിന്റെ ഒരു നയം തന്നെയാണ്. അതിന്റെ ഭാഗമായാണ് കേരളത്തിൽ പാമോയിൽ നിരന്തരം മലേഷ്യയിൽനിന്നും മറ്റും ഒഴുകിയെത്തുന്നത്. ഇതിനെതിരെ പല ഘട്ടത്തിലും ചില ഒറ്റപ്പെട്ട സംഘടനകൾ സമരം ചെയ്യുന്നതല്ലാതെ ബേപ്പൂരിലും മറ്റും നങ്കൂരമിട്ട കപ്പലിലെ എണ്ണകൾ ഇറക്കുക തന്നെ ചെയ്യാറുണ്ട്. പാമോയിൽ ഇറങ്ങിയതിലൂടെ കേരളത്തിലെ പരമ്പരാഗതനാണ്യവിളയായ തേങ്ങയ്ക്കും അതിൽനിന്നുണ്ടാകുന്ന വെളിച്ചെണ്ണയ്ക്കും വന്ന വിലയിടിവ് വൻതോതിലാണ്. ഇത്തരം മൂർത്തമായ പ്രതിസന്ധികളെല്ലാം വരുമ്പോഴൊക്കെ കണ്ണിൽ പൊടിയിടാൻ സമരം നടത്തിയവരാണ് വർഷങ്ങളോളമായി ചർച്ചയിലായിരുന്ന ആസിയാൻ കരാർ ഒപ്പുവച്ചപ്പോൾ നിലവിളിക്കുന്നത്.

ആഗോളവത്ക്കരണം കടന്നുവന്നതിനിടയിൽ നടപ്പാക്കിയ നിരവധി ധാരണാപത്രത്തിൽ ഒന്നുമാത്രമാണ് ആസിയാൻ കരാർ. അതിനു മുമ്പ് ഇത്തരമൊരു കരാറിനും അതുവഴി കുത്തകമുതലാളിമാർക്ക് ലാഭം കൊയ്യുന്നതിനും വേണ്ടി ഒട്ടേറെ കാര്യങ്ങൾ ഇന്ത്യയിലും കേരളത്തിലും നടപ്പാക്കിയിട്ടുണ്ട്. ഡബ്യു ടി ഒയിൽ ഒപ്പിട്ടിതിനു ശേഷം നപ്പാക്കിയ ഘടനാപരമായ പരിഷ്ക്കാരം മുതൽ എ ഡി ബി ഫണ്ടും സെസും അടക്കമുള്ള ഒട്ടനവധി വഴികൾ ഇതിന്റെ ഭാഗമായാണ് നടപ്പായത്. വിദേശ കുത്തക മൂലധനം അനിയന്ത്രിതമായി ഒഴുക്കുന്നതിനുവേണ്ടി

നടപ്പാക്കിയ ഈ പരിഷ്ക്കാരത്തിന്റെ ഓരോ ഘട്ടത്തിലും വിപ്ലവ പാർട്ടിയെന്ന് വിളിക്കപ്പെടുന്ന സി പി എം എടുത്ത നയസമീപനങ്ങൾ നാം വിചാരണ ചെയ്യേണ്ടതുണ്ട്. അങ്ങിനെ വരുമ്പോഴേ ആസിയാനെതിരെ അവർ ഉന്നയിക്കുന്നത് വിപ്ലവ വായാടിത്തം മാത്രമാണെന്ന് തിരിച്ചറിയൂ.

1964 ലെ പാർട്ടി ഭരണഘടനയിൽ ചിലഭേദഗതികൾ വരുത്താൻ സി പി എം പാർട്ടികോൺഗ്രസ് തയ്യാറായതുതന്നെ ആഗോളവത്ക്കരണത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താനും അതുവഴി ഒളിഞ്ഞും തെളിഞ്ഞും അത് നടപ്പാക്കാനുമായിരുന്നില്ലേ എന്ന് ചിലർ സംശയം ഉന്നയിച്ചാൽ കുറ്റം പറയാനാകില്ല. ചരടുകളില്ലാത്ത എഡിബി ഫണ്ടായാലും വാങ്ങുന്നതിൽ തെറ്റില്ലെന്ന വിട്ടുവീഴ്ചയിലേക്ക് പാർട്ടി എത്തിയത് ഈ ഭേദഗതിയിലൂടെയായിരുന്നു. ഇങ്ങിനെ ആഗോളവത്ക്കരണത്തിന്റെ നടപടിക്രമങ്ങൾ ഓരോന്നും നടപ്പാക്കിയ പാർട്ടി തന്നെയാണ് അതേ ആഗോളവത്ക്കരണത്തിന്റെ മൂർത്തരൂപമായ ആസിയാൻ കരാറിനെ എതിർക്കുന്നത്. ഇവിടെയാണ് സാമ്രാജ്യത്വദാസൻമാരാണെന്ന് സമ്മതിച്ചുകൊണ്ട് പരിപാടികൾ ഓരാന്നും നടപ്പാക്കുന്ന കോൺഗ്രസിനേക്കാൾ അപകടകാരി തുറന്നുപറയാതെ ആഗോളമൂലധനശക്തിക്ക് ഒത്താശ ചെയ്യുന്ന സി പി എം. കോൺഗ്രസ് ആഗോളവത്ക്കരണം നടപ്പാക്കുമെന്ന് പറയുമ്പോൾ അത് നടപ്പാക്കില്ലെന്ന് പറഞ്ഞ് അതിന് ചൂട്ടുപിടിച്ചുകൊടുക്കുന്ന കാഴ്ചയാണ് കേരളം വർഷങ്ങളോളമായി സി പി എമ്മിൽ നിന്ന് കണ്ടറിയുന്നത്.

സത്യത്തിൽ ഇത്തരത്തിൽ തണുപ്പൻ പ്രതിഷേധത്തിനിടിയിലും ആസിയാൻ കരാർ നടപ്പാക്കണമെന്നു തന്നെയാകും സി പി എമ്മിന്റെ പുതിയ നേതൃത്തിൻന്റെ ആഗ്രമഹമെന്നുവേണം കരുതാൻ. പുറത്തുനിന്നുള്ള കുത്തകമുതലാളിമാർക്കെതിരെ ഘോരഘോരം സംസാരിക്കുന്ന ഇവർതന്നെയാണ് ഇൻഡോനേഷ്യൻ കുത്തകകമ്പനിയായ സലീംഗ്രൂപ്പിനുവേണ്ടി പാർട്ടി ഭരിക്കുന്ന ബംഗാളിലെ സിങ്കൂരിൽ 12000 ഏക്കർ വയൽ നികത്താൻ കൊടുത്തത്. നൂറുകണക്കിന് കൃഷിക്കാരുടെ അന്നവും ഭൂമിയും തട്ടിയെടുത്ത് കൈമാറാനാരുന്നത് 'ആസിയാനിൽ' കക്ഷിയായ ഇൻഡോനേഷ്യയിലെ കുത്തകമുതലാളിക്കാണെന്ന കാര്യം പലരും മറന്നുകാണും. അത്രയ്ക്ക് ഓർമ്മക്കുറവുള്ളവർ നാട്ടിൽ ജീവിക്കുന്നതിനാലാണ് ഇത്തരം പാർട്ടിക്കാർ ജീവിച്ചുപോകുന്നത്. കേരളത്തിലെ കർഷകർക്കും മത്സ്യതൊഴിലാളിക്കും ആസിയാൻ കരാറിനുശേഷം നാളെ വരാനിരിക്കുന്ന ദുരിതം തന്നെയല്ലേ നിങ്ങൾ ബംഗാളിലെ കർഷകരോട് ചെയ്തത്.

കുത്തകമ്പനികൾക്കും മുതലാളിമാർക്കും രാജ്യത്തിന്റെ അതിർത്തി പ്രശ്നമല്ലാതായ കാലമാണിത്. കേരളത്തിലെ ഫാരീസ് അബൂബക്കർമാരും മറ്റും സിങ്കപ്പൂരിലും ഗൾഫിലും മറ്റനവധി രാജ്യങ്ങളിലും വ്യാപാരങ്ങൾ നടത്തുന്ന കാലത്ത് കേരളത്തിലെ തന്നെ ചില സമ്പന്നരുടെയും ആഗ്രഹവുമാണ് ആസിയാൻ കരാർ എന്ന് നാമോർക്കണം. അവരുടെ വ്യാപാരം സുഗമമാക്കുക എന്നത് പുത്തൻ മുതലാളിമാരോട് അതിരറ്റ വാത്സല്യവും പ്രണയവും കാട്ടുന്ന സി പി എമ്മിനും ഗുണകരമാകുന്നതാണ്. കോൺഗ്രസിന്റെ സത്യസന്ധത ഇല്ലാത്തതിനലാകാം ഇതെല്ലാം സത്യമാകാമാകമെങ്കിലും തുറന്നു പറയാൻ സി പി എമ്മിന് പറ്റാത്തത്.

അത്തരം കാപട്യം ആസിയാൻ കരാറിനുമുമ്പിൽ സി പി എമ്മിനില്ലെങ്കിൽ എന്തുകൊണ്ട് കരാർ ഒപ്പിടുന്ന ദിവസം മിനിമം ഒരു ഹർത്താലെങ്കിലും അവർ നടത്തിയില്ല. ഇവിടെയാണ് പൊള്ളത്തരം നിറഞ്ഞ എഴുത്തും പറച്ചിലും പേരിനുമാത്രമാണെന്ന് കാണാനാകുക. വേണ്ടിയും വേണ്ടാതെയും ഹർത്താലാചരിച്ച് അതിന്റെ വില കളഞ്ഞ സാഹചര്യത്തിൽ ഹർത്താൽ നടത്തിയാൻ ആസിയാൻകരാർ നടപ്പാക്കില്ലെന്നല്ല. പാർട്ടി സംസ്ഥാനസെക്രട്ടറിയെ ഒരു കേസിൽ പ്രതിയാക്കിയപ്പോൾ സി ബി ഐ അതിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചപ്പോൾ കണ്ണൂരിലും മറ്റു പലയിടത്തും യാതൊരു സങ്കോചവുമില്ലാതെ നിർബന്ധിത ഹർത്താലാചരിച്ചവരാണിവർ. ഇന്ത്യൻ പൊതുമേഖലയെ സംരക്ഷിച്ച് ഭെൽ എന്ന സ്ഥാപനത്തിൽ നിന്ന് വൈദ്യുതി ഉപകരണങ്ങൾ വാങ്ങാതെ ലാവ്ലിൻ എന്ന കനേഡിയൻ കുത്തകകമ്പനിയിൻ നിന്ന് സാമഗ്രികൾ വാങ്ങി കോടികൾ ആഴിമതി നടത്തിയെന്ന പേരിലാണ് സെക്രട്ടറി പ്രതിയായയതെന്ന കാര്യവും ഇപ്പോൾ ഓർക്കാവുന്നതാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിലൂടെ കൂടുതലും യു ഡി എഫ് എം പി മാരുള്ള കേരളത്തിൽ ഹാർത്താൽ നടത്തിയാൽ നല്ലൊരു രാഷ്ട്രീയനേട്ടമെങ്കിലും സി പി എമ്മിന് ലഭിക്കുമായിരുന്നു. അതൊന്നുമറിയാത്തവരാണിവർ എന്ന ധാരണ തെറ്റാണ്. ആഗോളവത്ക്കരണത്തെ ഇനി പിടിച്ചുനിർത്താനാകില്ല, വരുന്നതൊക്കെ വരട്ടെ ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം അതാണ് സി പി എമ്മിന്റെ ഉള്ളിലിരുപ്പ്. കെ ജി എസ് മുമ്പെപ്പോഴോ എഴുതിയതു മാറ്റിപ്പറഞ്ഞാൽ പുറമേ ലെനിനിസ്റ്റതത്വവും അകമേ പൂജാരിയായും ഈ പാർട്ടി ഇങ്ങിനെ കാലം കഴിക്കും. അപ്പോൾ അവർ പറയുന്ന വായ്ത്താരിയിൽ വീണു പോകേണ്ടതില്ല. ആസിയാനെതിരായ സമരം അനുദിനം വലതുപക്ഷത്തേക്ക് മാറി കാപട്യത്തിന്റെ മഹാപ്രസ്ഥാനമാകുന്ന പാർട്ടിക്കെതിരായ സമരത്തോടൊപ്പം നിൽക്കപ്പൊറുതിയില്ലാതാകുമ്പോൾ ജനം നടത്തുകതന്നെ ചെയ്യും.

books | magazines | periodicals

BYWORD BOOKS

marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577

for rare and new books